# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5739 03.11.2016 -ൽ മറുപടിക്ക്

**മൃഗശാലകൾ ആകർഷണീയമാക്കുന്നതിന് കർമ്മ പദ്ധതികൾ**

ചോദ്യം

ശ്രീ.പി.ടി.തോമസ്

ശ്രീ.സണ്ണി ജോസഫ്

ശ്രീ.വി.ഡി.സതീശൻ

മറുപടി

ശ്രീ. കെ.രാജു

(ബഹു.വനവും മൃഗസംരക്ഷണവും

ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മൃഗശാലകൾ ആകർഷണീയമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | മൃഗശാലകളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആവാസവ്യവസ്ഥയ്ക്ക് അനുസൃതമായി മൃഗങ്ങളുടെ പരിബന്ധനങ്ങളുടെ നിർമ്മാണം, മൃഗങ്ങളുടെ വാസസ്ഥലത്തിന്റെ വികസനവും അറ്റകുറ്റപ്പണികളും, കേന്ദ്രമൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാനിലെ കളക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതും മൃഗശാലയിൽ ലഭ്യമല്ലാത്തതുമായ മൃഗങ്ങളെ സ്വായത്തമാക്കൽ, മൃഗശാല ആശുപത്രിയുടെ വികസനം, ക്വാറന്റയിൻ സ്റ്റേഷന്റെ നിർമ്മാണം, തിരുവനന്തപുരം മൃഗശാല അക്വേറിയത്തിന്റെ നവീകരണം എന്നീ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. തൃശ്ശൂർ മൃഗശാലയിൽ അനാകോണ്ട പാമ്പിനെ പാർപ്പിക്കുന്നതിനുള്ള കൂട് നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പിന് അനുമതി നൽകുകയും എസ്റ്റിമേറ്റ് തുക പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മൃഗശാലകളിൽ സന്ദർശകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ; | (ബി) | മൃഗശാല സന്ദർശിക്കുന്നവർക്ക് നിലവിൽ ബാറ്ററിയിൽ പ്രവർത്തിക്കുന്ന വാഹനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ സന്ദർശകർക്ക് ഉപയോഗിക്കുന്നതിനായി 3 ബാറ്ററി വാഹനങ്ങൾ വാങ്ങുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. മൃഗശാല സന്ദർശനം നടത്താൻ എത്തുന്നവർക്ക് ഉപയോഗിക്കുന്നതിനായി ഫുഡ് കോർട്ട്, മുലയൂട്ടുന്ന അമ്മമാർക്ക് അവരുടെ കുഞ്ഞുങ്ങൾക്ക് മുലയൂട്ടുന്നതിനുള്ള സൗകര്യങ്ങൾ എന്നിവ സജ്ജീകരിയ്ക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മൃഗശാലകൾ ആകർഷണീയമാക്കുന്നതിന് ഏതെല്ലാം തരം പുതിയ മൃഗങ്ങളെയാണ് എത്തിക്കാനുദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ? | (സി) | കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാനിലെ കളക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതും നിലവിൽ മൃഗശാലയിൽ ലഭ്യമല്ലാത്തതുമായ മൃഗങ്ങളെ കൊണ്ടുവരുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. ഹൈദ്രാബാദ് മൃഗശാലയിൽ നിന്നും ഒരു ജോഡി ഏഷ്യാട്ടിക് ലയൺ, നാഗാലാന്റ് മൃഗശാലയിൽ നിന്നും ഒരു ജോഡി ഹിമാലയൻ കരടി എന്നിവയേയും കൊണ്ടുവരുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ